LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കുഞ്ഞിരാമൻ, എക്സ് പി. സി.യുടെ സർവീസ് ആനുകൂല്യങ്ങളും പെൻഷനും

69 [1584] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിങ്ങളം നിയോജകമണ്ഡലത്തിലെ ഏലാങ്കോട്, തുണ്ടിയിൽ വീട്ടിൽ ശ്രീ. കുഞ്ഞിരാമൻ, എക്സ് പി. സി.യുടെ സർവ്വീസ് ആനുകൂല്യങ്ങളും പെൻഷനും ലഭിക്കുന്നതിനു വേണ്ടിയുള്ള നിവേദനത്തിൽ 894/05/സി.എം/വി. ഐ. പി. തീയതി 19-1-2005 എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ശ്രീ. കുഞ്ഞിരാമന് ലഭിക്കേണ്ട സർവ്വീസ് ആനുകൂല്യങ്ങളും പെൻഷനും എന്ന് ലഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആന്റ് (ബി) 894/05/സി.എം./വി.ഐ.പി. തീയതി 19-1-2005-ാം നമ്പർ നിവേദനം ഡി.ജി.പി. അനന്തര നടപടികൾക്കായി കണ്ണൂർ ജില്ലാ പോലീസ് സൂപ്രണ്ടിന് അയച്ചുകൊടുത്തിട്ടുള്ളതും രേഖകൾ പരിശോധിച്ചതിൽ ശ്രീ. കുഞ്ഞിരാമൻ 30-9-1985-ൽ പോലീസ് സേനയിൽ ചേർന്നിട്ടുള്ളതും അനധികൃതമായി ജോലിയിൽ നിന്നു വിട്ടുനിന്നതിനാൽ 27-2-1978 മുതൽ പോലീസ് സേനയിൽ നിന്നും ഓടിപ്പോയതായി പ്രഖ്യാപിച്ചിട്ടുള്ളതും ബന്ധപ്പെട്ട എല്ലാ രേഖകളിൽ നിന്നും നീക്കം ചെയ്ത് ഉത്തരവായിട്ടുള്ളതുമാണ്. അനധികൃതമായി ജോലിക്ക് ഹാജരാകാത്തതു സംബന്ധിച്ച് ടിയാനെതിരെ വകുപ്പുതല അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതും എന്നാൽ ശ്രീ. കുഞ്ഞിരാമൻ ഈ അന്വേഷണത്തോട് സഹകരിക്കാതിരിക്കുകയുമാണുണ്ടായത്. തുടർന്ന് 6-8-1979-ാം തീയതിയിലെ ജില്ലാ കൽപ്പന 601/79 ആയി ടിയാനെ പോലീസ് സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതുമാണ്.

നിലവിലുള്ള നിയമമനുസരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത ഒരാൾക്ക് സർക്കാരിൽ നിന്നും ഒരാനുകൂല്യത്തിനും അർഹതയില്ല.

എ. ആർ. ട്രാൻസ്ഫർ നടപടികൾ

70 [1585] ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എ. പി. യിൽനിന്നും എ. ആർ. ട്രാൻസ്ഫറിന് താത്പര്യമുള്ള ബറ്റാലിയനിലെ ഹവിൽദാർമാരേയും പോലീസ് കോൺസ്റ്റബിൾമാരേയും മെഴ്സി ചാൻസു നൽകി എ. ആർ. ൽ അയച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുവേണ്ട നടപടി സ്വീകരിക്കുമോ ;

(ബി) ജൂനിയർ ആയ ഒരാൾ എ. ആർ-ൽ പോകാൻ സീനിയർ ആയ ഒരാൾക്ക് പോകാൻ കഴിയില്ല എന്ന എ. പി. ബറ്റാലിയൻ ഡി.ഐ.ജി.യുടെ 2/97-ലെ ഉത്തരവ് പ്രാബല്യത്തിലില്ലാത്ത സാഹചര്യത്തിൽ ബറ്റാലിയനിലുള്ള, ബറ്റാലിയൻ വില്ലിംഗ് കൊടുക്കാത്ത എ. ആർ. ട്രാൻസ്ഫറിന് അപേക്ഷിക്കുന്ന സീനിയറായിട്ടുള്ള ഹവീൽദാർ മാരേയും, പോലീസ് കോൺസ്റ്റബിൾമാരേയും അടുത്ത് നടക്കുന്ന എ. ആർ. ട്രാൻസ്ഫറിന് പരിഗണിക്കുന്നതിനും ട്രാൻസ്ഫർ ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒരിക്കൽ നൽകിയ ഓപ്ഷൻ മാറ്റുന്നതിനു നിയമമില്ല.

(ബി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ ബാധകമല്ല.

ജില്ലാ ആംഡ് റിസർവ് ക്യാമ്പുകളിൽ ഡെപ്യൂട്ടി കമാന്റൻഡ് തസ്തികകൾ

71 [1587] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
" സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.:

(എ) സംസ്ഥാന പോലീസ് സേനയിലെ 17 ജില്ലാ ആംഡ് റിസർവ്വ് ക്യാമ്പുകളിൽ എത്ര സ്ഥലത്ത് ഡെപ്യൂട്ടി കമാന്റൻഡ് തസ്തികകൾ ഉണ്ട് ;

(ബി) ഡെപ്യൂട്ടി കമാന്റൻഡ് തസ്തിക ഇല്ലാത്ത ജില്ലാ ആംഡ് റിസർവ്വ് ക്യാമ്പുകൾ ഏതൊക്കെയാണ് ;

(സി) ഡെപ്യൂട്ടി കമാന്റൻഡ് തസ്തികകൾ ഇല്ലാത്ത ജില്ലാ ആംഡ് റിസർവ്വ് ക്യാമ്പുകളിൽ അച്ചടക്കമില്ലായ്മയും ഭരണനിർവ്വഹണത്തിലെ അപാകതയും വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഡെപ്യൂട്ടി കമാന്റൻഡ് തസ്തികകൾ ഇല്ലാത്ത ജില്ലാ ആംഡ് റിസർവ്വ് ക്യാമ്പുകളിൽ അടിയന്തിരമായി ഡെപ്യൂട്ടി കമാന്റൻഡ് തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 8 ഡെപ്യൂട്ടി കമാന്റൻഡ് തസ്തികകൾ ഉണ്ട്.

(ബി) 1. തിരുവനന്തപുരം റൂറൽ
2. പത്തനംതിട്ട
3. കോട്ടയം
4. ഇടുക്കി
5. എറണാകുളം റൂറൽ

LIBRARY ARCHIVES Kerala Legislative Assembly